# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2243** **8.05.2017-ൽ മറുപടിയ്ക്ക്**

## റോഡ് നിർമ്മാണത്തിലെ പിഴവുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി. ദിവാകരൻ: | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) നിർമ്മാണത്തിലെ പിഴവുകൾ കാരണം പല റോഡുകളും കാലാവധി തീരും മുമ്പ് തന്നെ നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) ഉണ്ടെങ്കിൽ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കി വരുന്ന നഗര റോഡു വികസന പദ്ധതികളിൽ 15 വർഷത്തെ പരിപാലന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയാണ് കരാർ നൽകുന്നത്. ആകയാൽ ഈ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ നിർമ്മാണത്തിലെ പിഴവുകൾ കാരണം കാലാവധി തീരുന്നതിനു മുമ്പ് നശിക്കുന്നില്ല. മാത്രവുമല്ല റോഡിനോ, നടപ്പാതയ്ക്കോ നിർമ്മാണ വൈകല്യംമൂലം എന്തെങ്കിലും കേടുപാടുകൾ ഉണ്ടായാൽ അത് പദ്ധതിയുടെ കൺസഷണർ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പരിഹരിക്കുന്നു.<br><br>ദേശീയപാതാ വിഭാഗത്തെ സംബന്ധിച്ചിടത്തോളം നിർമ്മാണത്തിലെ പിഴവുകൾ കാരണം കാലാവധി തീരും മുൻപ് റോഡ് തകർന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻ.എച്ച്-47-ൽ എക്സ്റേ ജംഗ്ഷൻ (കി.മീ 406/00) മുതൽ കൃഷ്ണപുരം ജംഗ്ഷൻ (കി.മീ.462/00) വരെ നേരത്തെ നടത്തിയ പ്രവൃത്തി ഭാഗികമായി തകർന്നിരുന്നു. തകർന്ന ഭാഗങ്ങൾ വർക്ക് ഏറ്റെടുത്ത് നടത്തിയിരുന്ന അതേ കരാറുകാരെക്കൊണ്ടു തന്നെ അറ്റകുറ്റ പണികൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുള്ളതുമാണ്. ഈ പ്രവൃത്തി നടത്തിയ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ലൈസൻസ് മരവിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ